# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4146 16.05.17 ൽ മറുപടിയ്ക്ക്

**വാഹനങ്ങൾ മൂലമുള്ള പരിസ്ഥിതി മലിനീകരണം**

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹനങ്ങൾ മൂലമുള്ള പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ 1989-ലെ കേന്ദ്ര മോട്ടോർവാഹന ചട്ടം 115 പ്രകാരം ഒരു വർഷത്തിലധികം പഴക്കമുള്ള എല്ലാ വാഹനങ്ങൾക്കും ആറുമാസത്തിലൊരിക്കൽ അംഗീകൃത പുകപരിശോധനാ കേന്ദ്രങ്ങളിൽ പരിശോധിച്ച് മലിനീകരണത്തോത് നിയന്ത്രണ വിധേയമാണ് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്. സ്വകാര്യ മേഖലയിലെ ഇത്തരം കേന്ദ്രങ്ങളിൽ നിയമ വിരുദ്ധമായും ശരിയായ വാഹന പരിശോധന കൂടാതെയും സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട് എന്ന പരാതി ഉയർന്ന സാഹചര്യത്തിൽ കേന്ദ്രീകൃത സംവിധാനത്തിലൂടെ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകാനുള്ള നടപടികൾ വകുപ്പ് കെൽട്രോണുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന് പുതിയ തരത്തിലുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | 01-04-2017 മുതൽ ബിഎസ്-നാല് നിലവാരത്തിലുള്ള വാഹനങ്ങൾ മാത്രമേ പുതിയതായി വിൽക്കാനോ രജിസ്റ്റർ ചെയ്യുവാനോ പാടുള്ളൂ എന്ന് ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. ഇത്തരം വാഹനങ്ങളിലെ മലിനീകരണത്തോത് മറ്റ് വാഹനങ്ങളുമായി താരതമ്യം ചെയ്താൽ ഏതാണ്ട് 80 ശതമാനത്തോളം കുറവാണെന്നാണ് കരുതുന്നത്. കൂടാതെ അന്തരീക്ഷമലിനീകരണം കുറവായ |

| | | | |
|---|---|---|---|
| | | | എൽ.എൻ.ജി, സി.എൻ.ജി മുതലായ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നുണ്ട്. |
| (സി) | അന്തരീക്ഷ മലിനീകരണം കുറവുള്ള വാഹനങ്ങൾ ഉപയോഗത്തിൽ കൊണ്ടുവരുമ്പോൾ അവയ്ക്ക് ആവശ്യമായ ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷനുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിവരിക്കുമോ? | (സി) | ബിഎസ്-നാല് നിലവാരത്തിലുള്ള ഇന്ധനം ലഭ്യമാണെന്നാണ് പെട്രോളിയം കമ്പനികൾ അറിയിച്ചിട്ടുള്ളത്. എൽ.എൻ.ജി/സി.എൻ.ജി ഫില്ലിംഗ് സൗകര്യങ്ങളും സമീപഭാവിയിൽ മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ